# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3179** **07.02.2018-ൽ മറുപടിയ്ക്ക്**

**കാരാപ്പുഴ അക്വേറിയം**

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വയനാട് ജില്ലയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഫിഷറീസ് വകുപ്പിൻ കീഴിൽ വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യവികസനത്തിനായി മത്സ്യസമൃദ്ധി II പദ്ധതി, നൂതന മത്സ്യകൃഷി പദ്ധതി, തദ്ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, എക്സിബിഷൻ സംഘടിപ്പിക്കൽ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. തളിപ്പുഴയിലെ ഹാച്ചറി നിർമ്മാണ പ്രവർത്തനങ്ങൾ, കാരാപ്പുഴ ഹാച്ചറിയുടെ നിർമ്മാണ പ്രാരംഭ പ്രവർത്തികൾ, ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി, ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) കാരാപ്പുഴ അണക്കെട്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന അക്വേറിയം വികസിപ്പിക്കുന്നതിനും സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | ബി) വിനോദ സഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) കാരാപ്പുഴ അക്വേറിയത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്നും പ്രസ്തുത കേന്ദ്രത്തിന്റെ ഇതേ കാലയളവിലെ നടത്തിപ്പിനായി ചെലവായ തുക എത്ര എന്നതിന്റെയും കണക്കുകൾ ലഭ്യമാക്കാമോ? | സി) കാരാപ്പുഴ അക്വേറിയത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ആകെ വരവ് 382070/- രൂപയും ചെലവ് 1023564/- രൂപയുമാണ്. |

**സെക്ഷൻ ആഫീസർ**